# തൗഹീദ് കൊണ്ടുള്ള വസ്വിയ്യത്ത്

ഗ്രന്ഥകർത്താവ്: ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ
ഗ്രന്ഥം: بلوغ السعادة فى توحيد رب العبادة
വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

عن أبي هريرةَ ﷺ أن أعرابيا أتى النبي ﷺ فَقَالَ: دلني على عملٍ إذَا عملته دخلت الْجنةَ. قَالَ: تعبد الله لَا تشرك بِه شيئًا وتقيم الصلَاةَ الْمكْتوبةَ وتؤدي الزكَاةَ الْمفْروضةَ وتصوم رمضانَ. قَالَ: والذي نفْسِي بِيده ،لَا أَزيد علَى هذَا فَلَما ولى قَالَ النبي ﷺ من سره أَنْ ينظُر إِلَى رجلٍ من أَهلِ الْجنة فَلْينظُر إِلَى هذَا

അബൂ ഹുറയ്റ ﷺ വിൽനിന്നും നിവേദനം, ഒരു അഅ്റാബി അല്ലാഹുവിന്റെ റസൂൽ ﷺ യുടെ അടുക്കൽ വന്നു, അയാൾ പറഞ്ഞു: 'ഞാൻ ചെയ്താൽ എനിക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനുതകുന്ന ഒരു കർമ്മം എനിക്ക് അറിയിച്ച് തരിക.' (നബി ﷺ) പറഞ്ഞു: 'നീ അല്ലാഹുവിനെ ആരാധിക്കുക, അവനിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുക. നിർബന്ധമാക്കപ്പെട്ട നമസ്കാരങ്ങളെ നീ മുറപ്രകാരം നിർവ്വഹിക്കുക. നിർബന്ധ സകാത്തിനെ നീ കൊടുത്തുവീട്ടുക, നീ റമദ്വാൻ മാസത്തിൽ നോമ്പനുഷ്ടിക്കുക. അയാൾ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ (അല്ലാഹുവാണെ) സത്യം ഇതിനേക്കാൾ ഞാൻ യാതൊന്നിനേയും വർദ്ധിപ്പിക്കുകയില്ല. അയാൾ തിരിഞ്ഞു പോയപ്പോൾ നബി ﷺ പറഞ്ഞു: സ്വർഗ്ഗവാസികളിൽപ്പെട്ട ഒരാളിലേക്ക് നോക്കുന്നത് ആർക്കെങ്കിലും സന്തോഷകരമാണെങ്കിൽ അയാൾ ഇദ്ദേഹത്തിലേക്ക് നോക്കിക്കൊള്ളട്ടെ.' (ബുഖാരി, മുസ്‌ലിം)

عن أَبي أيوب ﷺ أن أعرابيا عرض لرسولِ الله ﷺ وهو في سفَرٍ ، فَأَخذَ بِخطَامِ ناقَته أَو بِزِمامها ثُم قَالَ: يا رسولَ الله أَخبِرنِي بِما يقَربنِي من الْجنة وما يباعدنِي من النارِ قَالَ: فَكَف النبِي ﷺ ثُم نظَر في أَصحابِه ثُم قَالَ: لَقَد وفق أَو لَقَد هدي قَالَ: كَيف قُلْت؟ قَالَ: فَأَعاد. فَقَالَ النبِي ﷺ: تعبد الله لَا تشرِك بِه شيئًا وتقيم الصلَاةَ وتؤتي الزكَاةَ وتصلُ الرحم دع الناقَةَ.

അബൂഅയ്യൂബ് അൽ അൻസ്വാരി ﷺ വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ ഒരു യാത്രയിലായിരിക്കെ ഒരു അഅ്റാബി അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു, തുടർന്ന് അദ്ദേഹം റസൂൽ ﷺ യുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ അല്ലെങ്കിൽ മൂക്കുകയർ പിടിച്ചു. ശേഷം അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, സ്വർഗ്ഗത്തിലേക്ക് എന്നെ അടുപ്പിക്കുകയും നര

കത്തിൽനിന്ന് എന്നെ അകറ്റുകയും ചെയ്യുന്ന (കാര്യങ്ങളെ) നിങ്ങൾ എനിക്ക് അറിയിച്ച് തരിക.' അപ്പോൾ നബിﷺ (അയാൾക്ക് മറുപടി പറയാതെ) വിട്ടൊഴിഞ്ഞ് തന്റെ സ്വഹാബികളിലേക്ക് നോക്കി. ശേഷം അദ്ദേഹം പറഞ്ഞു: 'തീർച്ചയായും അയാൾ തൗഫീക് നൽകപ്പെട്ടവനാണ് അല്ലെങ്കിൽ സന്മാർഗ്ഗം നൽകപ്പെട്ടവനാണ്.' എന്നിട്ട് (നബി ﷺ അയാളോട്) ചോദിച്ചു: 'താങ്കൾ എപ്രകാരമാണ് പറഞ്ഞത്?' അപ്പോൾ അദ്ദേഹം പറഞ്ഞത് മടക്കിപ്പറഞ്ഞു. അപ്പോൾ നബി ﷺ പറഞ്ഞു: 'നീ അല്ലാഹുവിനെ ആരാധിക്കുക, അവനിൽ യാതൊന്നിനേയും പങ്കു ചേർക്കാതിരിക്കുക. നമസ്കാരത്തെ നീ നേരെച്ചൊവ്വെ നിലനിർത്തുക. സകാത്തിനെ നീ കൊടുത്തുവീട്ടുക. നീ കുടുംബബന്ധം ചേർക്കുക. ഒട്ടകത്തെ വിടൂ' (ബുഖാരി, മുസ്‌ലിം)

## «وتصوم رمضانَ»

'നീ റമദാൻമാസത്തെ നോമ്പനുഷ്ടിക്കുക' എന്ന് മറ്റൊരു രിവായത്തിൽ ഉണ്ട്.

**عن معاذ بن جبل ﷺ، أراد سفرا فقال: يا رسول الله أوصني. قال:« اعبد الله ولا تشرك به شيئا» قال: يا رسول الله زدني. قال: «إذا أسأت فأحسن» قال: يا رسول الله زدني. قـال: «اسـتقم ولتحسـن خلقك»**

മുആദ് ഇബനു ജബൽ ﷺ ഒരു യാത്രക്ക് ഉദ്ദേശിച്ചു. അങ്ങനെ (നബി ﷺ യോട്) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നോട് വസ്വിയ്യത്ത് ചെയ്താലും. നബി ﷺ പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, അവനിൽ യാതൊന്നിനേയും പങ്ക് ചേർക്കാതിരിക്കുക.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് (വസ്വിയ്യത്ത്) വർദ്ധിപ്പിച്ചു തന്നാലും.' നബി ﷺ പറഞ്ഞു: 'നീ തിന്മ ചെയ്താൽ തുടർന്ന് നന്മചെയ്യുക' അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ എനിക്ക് ഇനിയും (വസ്വിയ്യത്ത്) വർദ്ധിപ്പിച്ചു നൽകിയാലും. നബിﷺ പറഞ്ഞു: 'നീ നേരെ ച്ചൊവ്വെ ജീവിക്കുക, നിന്റെ സ്വഭാവം നന്നാക്കുക'. (ഹാകിം: 1/154, 4/244, ത്വബ്റാനി: 20/59)